**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1181 11.02.2016 ൽ മറുപടിയ്ക്ക്

**പട്ടയ ലഭ്യത**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിൽ അയ്യംമ്പുഴ ഗ്രാമപഞ്ചായത്തിലെ കണ്ണിമംഗലത്തെയും പാണ്ടപാറയിലെയും നിവാസികൾക്ക് പട്ടയം നൽകുന്നതിനായി പ്രസ്തുത പ്രദേശം ഹിൽടോക്ക് പരിധിയിൽ ഉൾക്കൊള്ളിക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ;ഇല്ലെങ്കിൽറിപ്പോർട്ട് സമർപ്പിക്കുന്നതിലെ കാലതാമസത്തിന് കാരണമെന്താണ്;റിപ്പോർട്ട് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | അയ്യമ്പുഴ വില്ലേജിലെ മുഴുവൻ ഭൂമിയും ഹിൽടോക്ക് ആയി ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നും വിഭജനത്തിന് ശേഷമുള്ള മഞ്ഞപ്ര വില്ലേജ് ഹിൽടോക്ക് ആയി പ്രസ്തുത ചട്ടങ്ങളിൽ നിലനിർത്തേണ്ടതുണ്ടോ എന്നത് സംബന്ധിച്ചും റിപ്പോർട്ട് നൽകുവാൻ 06.02.2014-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് എറണാകുളം ജില്ലാ കളക്ടറിൽ നിന്നും 21.01.2016-നാണ് ലഭിച്ചതെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും റിപ്പോർട്ട് 10.02.2016-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. |

e.k.v.kunny
**സെക്ഷൻ ഓഫീസർ**